➪ ജനനം മുതൽ മരണം വരെ ഒരു ആദിവാസിക്കു വേണ്ടിയുള്ള പദ്ധതികൾ നിലവിലുണ്ട് ➪

# ആദിവാസികളല്ല യഥാർത്ഥ മോഷ്ടാക്കൾ

അട്ടപ്പാടിയിൽ എവിടെ തിരഞ്ഞാലും ട്രൈബൽ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ കാണാം. കൂട്ടത്തിൽ ആശ്രയമില്ലാത്തവരെ സംരക്ഷിക്കുവാനുള്ള സ്ഥാപനങ്ങളുമുണ്ട്. എന്നിട്ടും എന്തുകൊണ്ട് ആദിവാസികൾ മരിക്കുന്നു. മധുമാർ കൊല്ലപ്പെടുന്നു. നിലമ്പൂർ അരയ്ക്കാപ്പ് കോളനിയിലെ കാട്ടുനായ്ക്കർ വിഭാഗത്തിലെ ആദിവാസിയായ

■ **ചിത്ര എം. ആർ**

2018 ഫെബ്രുവരി 22 നമുക്ക് ആർക്കും മറക്കാൻ കഴിയാത്ത ദിനമാണ്. അട്ടപ്പാടിയിലെ നമ്മുടെ ആദിവാസി സഹോദരൻ മധു ക്രൂരമായി മർദ്ദനമേറ്റ് കൊല്ലപ്പെട്ട ദിനം. ഒരു ഞെട്ടലോടെയാണ് കേരളം ആ വാർത്ത കേട്ടത്. ഒരാളുടെ പട്ടിണിമാറ്റാൻ മോഷണം നടത്തുക, അതും ഒരു ആദിവാസി. വിശ്വസിക്കാൻ തന്നെ പ്രയാസം. ഇന്നത്തെക്കാലത്ത് സമ്പന്നൻ ആദിവാസിയാണ്. കാരണം എന്താണെന്ന് നമുക്കറിയാം. ജനനം മുതൽ മരണം വരെ ഒരു ആദിവാസിക്കു വേണ്ടിയുള്ള പദ്ധതികൾ നിലവിലുണ്ട്. പോഷകാഹാരം, വിദ്യാഭ്യാസം, വിവാഹം, ജോലി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ. മധു മനോരോഗിയാണെന്നും പറയുന്നു. ഇന്ന് എല്ലാ ആശുപത്രികളിലും ആദിവാസിക്ക് ചികിത്സക്കായി ഫണ്ടുകളുണ്ട്. ഹെൽത്ത് പ്രൊമോട്ടർമാരുമുണ്ട്. ഓരോ ഫയൽക്കെട്ടുകളുമെടുത്ത് പരിശോധിച്ചാലറിയാം കോടിക്കണക്കിനു രൂപയാണ് ആദിവാസികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ളത്. എന്നിട്ടും നമ്മുടെ മധു അടക്കമുള്ളവർ ചോദ്യചിഹ്നങ്ങളാകുന്നതെന്തു കൊണ്ടാണ്?

മധു മാനസികരോഗിയായി, നാട്ടിൽ നിന്നുമുള്ള ക്രൂരതകൾ സഹിക്കവയ്യാതെ തന്റെ സ്വന്തം ഇടമായ വനത്തിനുള്ളിൽ അഭയം പ്രാപിച്ചു. ആദിവാസികൾക്ക് 'വനാവകാശം', 'പെസ' എന്നെല്ലാം ആർത്തുവിളിക്കുന്ന സമയത്താണ് നമ്മുടെ മധു വനത്തിനുള്ളിലെ പാറമടയിൽ പോലും സുരക്ഷിതനല്ലാതായത്. കാടിന്റെ പ്രിയപുത്രന് കാട്ടിൽ അവകാശമില്ലാതായി.

അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിച്ചപ്പോൾ അത് പോഷകാഹാര കുറവു മൂലമാണെന്ന് കണ്ടെത്തി. അതിന്റെ പേരിലും കോടികൾ ഒഴുകിയെത്തി. പട്ടിണിയും പോഷകാഹാരക്കുറവും പരിഹരിക്കാൻ കമ്മ്യൂണിറ്റി കിച്ചൺ കൊണ്ടുവന്നു. ആദിവാസികൾക്ക് ജോലിയും നൽകി. അവിടെയും നമ്മുടെ മധുവും മധുമാരും അവഗണിക്കപ്പെട്ടു. അല്ലെങ്കിൽ അവരെ തിരിച്ചറിയാതെ പോയി. അട്ടപ്പാടിയിൽ എവിടെ തിരഞ്ഞാലും ട്രൈബൽ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ കാണാം. കൂട്ടത്തിൽ, ആശ്രയമില്ലാത്തവരെ സംരക്ഷിക്കുവാനുള്ള സ്ഥാപനവുമുണ്ട്.

ആദിവാസി മൂപ്പന്മാരോട് സംസാരിക്കുമ്പോൾ നമുക്കു മനസ്സിലാക്കാം അവരുടെ ദയനീയാവസ്ഥകൾ. ഭൂമിയുടെ രാജാക്കന്മാരായിരുന്നു അവർ. തുമര, രാഗി, ചാമ, അമര, കടുക്, ചീര, വാഴ ഇവയൊക്കെയാ

യിരുന്നു അവരുടെ പ്രധാന കൃഷികൾ. മുഖ്യമായും ഭണ്ഡാരി, മണ്ണുക്കാർ, കുറുന്തല, ഗമക്കുവൻ എന്നീ ഗ്രൂപ്പുകളാണ് കൃഷിയെ നിയന്ത്രിച്ചിരുന്നത്. മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടാതെ കൃഷിചെയ്യാൻ ശ്രദ്ധിച്ചിരുന്നു. വളമോ കീടനാശിനിയോ ഉപയോഗിച്ചിരുന്നില്ല.

പലതരം വികസനത്തിന്റെ പേരുപറഞ്ഞ് ഞങ്ങളുടെ ഭൂമി തട്ടിയെടുത്തു. പെട്ടെന്നാണ് ഞങ്ങൾക്ക് ഭൂമിയും കൃഷിയും നഷ്ടമായത്. കൺമുന്നിൽ വെച്ചു തന്നെ ഭൂമി കയ്യേറി സ്വന്തമാക്കിയവർ വേറെയും. ഇവിടെയാണ് മധു മോഷ്ടിച്ചു എന്നു പറയുന്നത്. മനോരോഗത്താൽ മധുവിന് ബോധോദയമുണ്ടായി എന്നു ഞാൻ പറയും. മധു അവന്റെ സ്വന്തം ഇടം മനസ്സിലാക്കിയതുകൊണ്ടാണ് അവിടെനിന്നും ആഹാരസാധനങ്ങൾ കൊണ്ടുപോയത്. അത് മധുവിന്റെ കണ്ണിലും എന്റെ കണ്ണിലും ഒരു തെറ്റല്ല.



ഇത് പുറംലോകം അറിഞ്ഞ മധുവിന്റെ കഥ. എന്നാൽ അറിയാതെ പോയ മധുമാർ നമുക്കിടയിൽ ഇന്നും ജീവിക്കുന്നുണ്ട്. 2016 ലാണ് മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ എരഞ്ഞിക്കൽ കോളനിയിൽ പതിനൊന്നു വയസ്സുകാരനായ ഒരു കുട്ടിയെ കമുകിൽ കെട്ടിയിട്ട് തോട്ടം ഉടമസ്ഥൻ ക്രൂരമായി മർദ്ദിച്ചത്. മർദ്ദനം സഹിക്കവയ്യാതെ മുതലാളിയുടെ കണ്ണിലേക്ക് മണ്ണു വാരിയെറിഞ്ഞ് കുട്ടി രക്ഷപ്പെട്ടു. വിവരമറിഞ്ഞ് ഞാൻ കോളനിയിലെത്തി. കുട്ടിയുടെ കുടുംബ പശ്ചാത്തലം പരിശോധിച്ചു. രണ്ട് സെന്റ് ഭൂമി. കയറി കിടക്കാൻ വീടില്ല. പ്രായമായ അച്ഛൻ, കുറെയേറെ സഹോദരങ്ങൾ. മുഴു പട്ടിണി. കൂലിപ്പണിയില്ല. തൊഴിലുറപ്പുമില്ല. ഒരു നേരത്തെ പട്ടിണിയെങ്കിലുമകറ്റാനാണ് തൊട്ടടുത്ത കമുകിൻ ചുവട്ടിൽ പോയി അടക്ക പെറുക്കിയത്. ശരീരമാസകലം തടിച്ച് വീർത്ത്, പേടിച്ച് പനിച്ച് വിറച്ച് ഒരു മൂലയിൽ ഇരിക്കുന്ന കുട്ടിയെയാണ് ഞാൻ കണ്ടത്. മർദ്ദിച്ചയാൾക്കെതിരെ പോലീസിൽ പരാതി നൽകി. കേസെടുക്കാതെ പോലീസ് വിട്ടയച്ചു.

2018 മാർച്ച് 18, പതിനൊന്നു മണി സമയം. ചുങ്കത്തറ ഗ്രാമപഞ്ചായത്തിലുള്ള സുൽത്താൻപടി കോളനിയിലെ ഒരാൾക്കെതിരെ പരാതി നൽകി. 12 വാഴക്കുലകൾ 3 പേർ ചേർന്ന് എന്തിനു വെട്ടി എന്ന എന്റെ ചോദ്യത്തിന് അവർ നൽകിയ മറുപടി കേട്ട് കണ്ണു നിറഞ്ഞു. "റേഷനരി 27 കിലോ കിട്ടി. അതിനു കറി വെക്കാനുള്ള സാധനങ്ങൾക്കാണ് ഞങ്ങൾ വാഴക്കുല വെട്ടിയത്. തെറ്റുപ്പറ്റി പോയി, ക്ഷമിക്കണം" ആ ക്ഷമാപണമാണ് എന്നെ കരയിച്ചത്. സത്യത്തിൽ ആര് ആരോടാണ് ക്ഷമ ചോദിക്കേണ്ടത് ?

ഞാൻ അവരുടെ കോളനി സന്ദർശിച്ചു. 12 വീടാണ് കോളനിയിലുള്ളത്. ഒരാൾക്ക് ഒന്നര സെന്റ് ഭൂമിയുണ്ടാകും. അതായത് ഒരു വീടു നിൽക്കുന്ന ഇടം. ആ ഭൂമിക്ക് രേഖയുമില്ല. ഈ പറയുന്ന തോട്ടങ്ങൾ നിൽക്കുന്ന ഭൂമിയെല്ലാം ഒരുകാലത്ത് ഞങ്ങളുടേതു തന്നെയായിരുന്നല്ലോ. ഭീഷണി മുഴക്കിയും പറ്റിച്ചും ബലം പ്രയോഗിച്ചും കയ്യേറിയതല്ലേ നിങ്ങൾ? നിങ്ങൾക്ക് കൃത്രിമ രേഖകൾ ഉ

ണ്ടാക്കുകയും ഞങ്ങൾക്ക് രേഖയില്ലാതാവുകയും ചെയ്തു. ഇവിടെയും തൊഴിൽകാർഡോ തൊഴിലുറപ്പോ ഇല്ല. സ്ഥിരവരുമാനമുള്ള യാതൊരു ജോലിയും ഇവർക്കില്ല. എപ്പോഴെങ്കിലും കിട്ടുന്ന കൂലിപ്പണി മാത്രമാണ് ആശ്രയം. ഇവരുടെ കോളനിക്കുവേണ്ടി അനുവദിക്കുന്ന നിർമ്മാണ പ്രവൃത്തികൾ കോൺട്രാക്ടർ ബംഗാളികളെ ഉപയോഗിച്ചാണ് ചെയ്യുന്നത്. അതിൽപ്പോലും ഇവർക്ക് തൊഴിൽ നൽകാറില്ല.

ഈ കോളനിയുടെ തൊട്ടടുത്തായി കശുവണ്ടി തോട്ടമുണ്ട്. കോളനിയിലെ കുട്ടികൾ ഇവിടെ നിന്നും കശുവണ്ടി പെറുക്കുന്നു എന്നത് നിത്യപരാതിയാണ്. ഒരിക്കൽ ഞാൻ കുട്ടികളോട് ചോദിച്ചു "എന്തിനാണ് നിങ്ങളിതു ചെയ്യുന്നത്?". "രാവിലെ ചായക്ക് പൊറോട്ട വാങ്ങാനാണ്" എന്നായിരുന്നു മറുപടി.

വെള്ളാരംകുന്ന് കോളനിയിൽ 15 കുടുംബങ്ങളുണ്ട്. വീടുവെക്കാൻ ഇനി പുതിയ ഭൂമി വേണം. പഞ്ചായത്തിനോട് ചേർന്നാണ് ഇവരുടെ താമസം. ഒരു സ്വയം തൊഴിലിനുവേണ്ടി ഇവർ അലയുകയാണ്. അവസാനം മുറ്റം ഇന്റർലോക്ക് പതിക്കാൻ ഫണ്ട് പാസായി. ഇതാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ അവസ്ഥ.

ഇവർ പഠിക്കുന്നത് ഹോസ്റ്റലിലല്ല. സ്കൂളിൽ പോകുമ്പോൾ വിശപ്പടക്കാനാണ് ഈ കശുവണ്ടി പെറുക്കൽ.

മലപ്പുറം ജില്ലയിൽ പത്ത് ഹോസ്റ്റലുകളാണുള്ളത്. ഇവിടുത്തെ ജനസംഖ്യയെ അപേക്ഷിച്ച് ഈ ഹോസ്റ്റൽ മതിയാവില്ല. ഒരു ഹോസ്റ്റലിൽ പ്രവേശിപ്പിക്കാൻ കഴിയുന്നതിലും ഇരട്ടി കുട്ടികളാണ് ഇപ്പോൾ ഇവിടെയുള്ളത്. അതും സ്വന്തം കെട്ടിടത്തിലല്ല ഹോസ്റ്റൽ പ്രവർത്തിക്കുന്നത്.

ഒരിക്കൽ എടക്കര സി.ഐ യുമായി ഒരു മീറ്റിംഗിൽ പങ്കെടുത്തപ്പോൾ അവിടെ പരാമർശിക്കപ്പെട്ട ഭൂരിഭാഗം പരാതികളും ആദിവാസികൾ മോഷ്ടാക്കളാകുന്നു എന്നതു സംബന്ധിച്ചായിരുന്നു. അടക്ക, നാളികേരം, വാഴക്കുല തുടങ്ങിയവയാണ് കൂടുതലായും മോഷ്ടിക്കുന്നത്. റബ്ബർ മുതലാളിമാരും സ്വർണ്ണക്കച്ചവടക്കാരും ഒരുപാടുണ്ട് ഈ ഭാഗങ്ങളിൽ. ഇവിടെയൊന്നും കയറി ആദിവാസികൾ മോഷ്ടിക്കാത്തതെന്താണ്?

വെള്ളാരംകുന്ന് കോളനിയിൽ 15 കുടുംബങ്ങളുണ്ട്. വീടുവെക്കാൻ ഇനി പുതിയ ഭൂമി വേണം. പഞ്ചായത്തിനോട് ചേർന്നാണ് ഇവരുടെ താമസം. ഒരു സ്വയം തൊഴിലിനു വേണ്ടി ഇവർ അലയുകയാണ്. അവസാനം മുറ്റം ഇന്റർലോക്ക് പതിക്കാൻ ഫണ്ട് പാസായി. ഇതാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ അവസ്ഥ.

ഉൽപ്പാദനമേഖലക്കായി ഒന്നും മാറ്റി വെക്കാറില്ല. സ്ത്രീകൾക്ക് മുട്ടക്കോഴിയെ കൊടുക്കാം. ആടിനെ കൊടുക്കാം. തയ്യൽമെഷീൻ കൊടുക്കാം. പുരുഷന്മാർക്ക് കാടുവെട്ടാലുള്ള മെഷീനോ തെങ്ങുകേറ്റ മെഷീനോ നൽകാം. അത്യാവശ്യത്തിനുള്ള വരുമാനമെങ്കിലും ഉണ്ടാക്കികൊള്ളും. നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ അതിനുള്ള ഫണ്ടില്ല പോലും.

എടക്കര, ചുങ്കത്തറ ഭാഗങ്ങളിലെല്ലാം 2 സെന്റ് വരെ മാത്രമാണ് ഭൂമി. 25 വീടുകളിൽ കുറവാണ് ഓരോ കോളനികളിലും. ഇവിടെയാണ് ഇന്റർലോക്ക് കൊണ്ട് നടപ്പാതയുണ്ടാക്കുന്നത്. കോളനിക്കാരുടെ ആവശ്യം ഇതൊന്നുമല്ല എന്നിരിക്കെ ആരുടെ ആവശ്യങ്ങളാണ് നിറവേറ്റപ്പെടുന്നത് ?

നിലമ്പൂരിൽ ഭൂസമരങ്ങളോ കനത്ത പ്രക്ഷോഭങ്ങളോ ഉണ്ടായിട്ടില്ല. ശക്തമായ സംഘടനകളുമില്ല. ഭൂമിയില്ലാത്തതിന്റെ പേരിൽ പാടിക്കുന്ന് കോളനിയിൽ ഫ്ളാറ്റുയർന്നു. ഇനിയുമെത്ര കോളനികൾ ഫ്ളാറ്റുകളിൽ നിറക്കപ്പെടുമെന്നാർക്കറിയാം? ഫ്ളാറ്റുകളല്ല ആദിവാസികൾക്കാവശ്യം; ഭൂമിയാണ്, കൃഷി ചെയ്യാനുള്ള ഭൂമി. ആശിക്കും ഭൂമി 23 പേർക്ക് മാത്രമാണ് കിട്ടിയിട്ടുള്ളത്. വനാവകാശം വേണ്ടത്ര നടപ്പിലാക്കിയിട്ടുമില്ല. എല്ലാവർഷവും ആദിവാസികൾക്കു വേണ്ടി കോടികൾ മാറ്റിവെക്കുന്നു. ഇതെല്ലാം എവിടെ പോയി? ആദിവാസികൾക്ക് എത്ര കിട്ടി?

ആദിവാസിക്ക് ഭൂമിയും വരുമാനവും വിദ്യാഭ്യാസവും നൽകാത്തിടത്തോളം കാലം ഇത്തരത്തിലുള്ള മോഷണം നടന്നുകൊണ്ടിരിക്കും. ഞങ്ങളുടെ ഭൂമി തട്ടിയെടുത്ത് വികസനമുണ്ടാക്കുമ്പോൾ ഞങ്ങളുടെ വിശപ്പിനെ കുറിച്ചുകൂടി ഓർക്കണം. ഞങ്ങളുടെ അതിജീവനത്തെ കുറിച്ച് കൂടി ചിന്തിക്കണം. ആരുടെ വികസനമാണ് നിങ്ങൾ ലക്ഷ്യം വെക്കുന്നത് ?

ഏതായാലും ഈ
വികസനം ഞങ്ങളുടെതല്ല.
ആദിവാസികളുടെതല്ല. ■